(ഇ) കേസ് തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(എഫ്) സെയിൽസ് ടാക്സ് കോംപ്ലക്സിന്റെ പണി എപ്പോൾ പൂർത്തിയാക്കാനാവുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സെയിൽസ് ടാക്സ് കോംപ്ലക്സിന്റെ നിർമ്മാണത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ 49 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ പൂർത്തിയാക്കുകയും സ്ഥലമെടുപ്പ് നിയമപ്രകാരം അവാർഡ് പാസ്സാക്കുകയും ചെയ്തെങ്കിലും ഇതിനെതിരെ ശ്രീ. ബിജു രമേഷ് എന്നയാൾ ബഹു. കേരള ഹൈക്കോടതിയിൽ നിന്നും സ്റ്റേ സമ്പാദിച്ചിട്ടുള്ളതിനാൽ നിർദ്ദിഷ്ട സെയിൽസ് ടാക്സ് കോംപ്ലക്സിന്റെ നിർമ്മാണം തുടങ്ങാൻ ഇതുവരെ സാധിച്ചിട്ടില്ല.

(ബി) തിരുവനന്തപുരം താലൂക്കിലെ തൈക്കാട് വില്ലേജിൽപ്പെട്ട 49 സെന്റ് സ്ഥലം വാണിജ്യ നികുതി വകുപ്പിന് ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിനായി കണ്ടെത്തുകയും പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള വിജ്ഞാപനം 17-1-1995-ലെ കേരള ഗസറ്റ് പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇതിൻ പ്രകാരം സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കി ടി വസ്തു വാണിജ്യ നികുതി വകുപ്പിന് കൈമാറുന്നതിന് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളതാണ്.

(സി) ഉണ്ട്.

(ഡി) 40 ലക്ഷം രൂപ വാണിജ്യ നികുതി വകുപ്പ് കെട്ടിവച്ചിട്ടുണ്ട്.

(ഇ) കേസ് അടിയന്തിരമായി തീർപ്പ് കൽപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസ് തീർപ്പായാൽ മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

ട്രഷറി നിയന്ത്രണത്തിൽ നിന്നും കർഷകത്തൊഴിലാളി പെൻഷൻ ഒഴിവാക്കാൻ നടപടി

17 (4056) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകൾ മുഖേന വിതരണം ചെയ്യുന്ന കർഷക തൊഴിലാളി പെൻഷൻ ട്രഷറി നിയന്ത്രണംമൂലം വിതരണം ചെയ്യാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കർഷകത്തൊഴിലാളി പെൻഷൻ ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തിനുള്ള തുക പ്ലാൻ പി. ഡി. ചെക്കുകൾ മുഖാന്തിരമാണ് പിൻവലിക്കുന്നത് 30-6-2003 വരെയുള്ള പ്ലാൻ പി. ഡി. ചെക്കുകൾ ട്രഷറി നിയന്ത്രണത്തിന്റെ പരിധിയിൽപ്പെടുന്നില്ല. കൂടാതെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നതിനുള്ള പ്ലാൻ പി. ഡി. ചെക്കുകൾ മേൽപ്പറഞ്ഞ സമയ പരിധിയിൽപ്പെടാത്തവയാണെങ്കിൽ പഞ്ചായത്തുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് അതാതു ട്രഷറികൾക്കു നല്കുന്ന പ്രത്യേക നിർദ്ദേശങ്ങളിലൂടെ ട്രഷറി നിയന്ത്രണത്തിൽ ഇളവു നല്കിയും വരുന്നുണ്ട്.

എസ്. ബി. അക്കൗണ്ടുകൾ നിർത്തലാക്കുവാനുള്ള തീരുമാനം

18 (4057) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിൽ മരിച്ചവരുടെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ജില്ലാ ട്രഷറികളിൽ ആരംഭിച്ച പ്രത്യേക എസ്. ബി. അക്കൗണ്ടുകൾ നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതുമൂലം അർഹരായവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ഈ ഇനത്തിൽ ലക്ഷക്കണക്കിന് രൂപ വിതരണം ചെയ്യാതെ കിടക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ അക്കൗണ്ടുകൾ നിർത്തലാക്കുന്നതോടെ ആശ്രിതർക്ക് നൽകിയ ചെക്കുകൾ മാറാൻ കഴിയാതെ വരുമെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ ;

(എഫ്) നിയമ നടപടികളുടെ നൂലാമാലകൾ കാരണം പലരും സഹായം ഉപേക്ഷിക്കുവാൻ നിർബന്ധിതരാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly